(എഫ്) ട്രഷറിയിൽ നിന്നും ഈ ചെക്കുകൾ മടക്കി അയയ്ക്കുന്നതിനുള്ള കാരണമെന്ത് ;

(ജി) ചെക്കുകൾ മടക്കി അയച്ചതിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ 2001 ജനുവരിയിൽ മത്സ്യത്തൊഴിലാളികൾ തടഞ്ഞുവച്ചുവോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം ധനകാര്യകമ്മീഷൻ അവാർഡ്പ്രകാരമുള്ള ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ 2,700 ലക്ഷം രൂപയും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയ്ക്കായി ഇതുവരെ 460.81 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) 2285 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) 537 പേർക്ക്.

(ഇ) നൽകിയിരുന്ന 537 ചെക്കുകളിൽ 108 ചെക്കുകൾ മടക്കി അയച്ചിട്ടുണ്ട്.

(എഫ്) ട്രഷറി നിയന്ത്രണം.

(ജി) മത്സ്യത്തൊഴിലാളികൾ തടഞ്ഞുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിനായി ഗ്രാന്റ്

154 (904) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ധനകാര്യകമ്മീഷൻ ശുപാർശപ്രകാരവും നാഷണൽ ഫിഷർമെൻ വെൽഫയർഫണ്ട് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിനായി ഗ്രാന്റായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഈ തുക ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ട് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ ട്രഷറികളിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) ഈ തുക അടിയന്തിരമായി പിൻവലിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായി ഇതുവരെ 27 കോടി രൂപയും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയ്ക്കായി ഇതുവരെ 29.7 കോടി രൂപയും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(ബി) 16,035 പേർക്ക്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി കൊടുത്തിരിക്കുന്നു. †

(സി) 927.42 ലക്ഷം രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി കൊടുത്തിരിക്കുന്നു. †

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യ കയറ്റുമതി സംബന്ധിച്ച കമ്മീഷൻ

155 (906) ശ്രീ. കെ. ബാബു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമുദ്രോൽപ്പന്ന കയറ്റുമതിമേഖലയിൽ 2001 ജനുവരി 4-ാം തീയതി മുതൽ പണിമുടക്ക് സമരം നടക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളെന്തെന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യ കയറ്റുമതിമേഖലയിലെ വ്യവസായികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ അവയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി ഒരു കമ്മീഷനെ നിയമിച്ചുവോ ;

(ഡി) കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചുവോ ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം എന്ന് പറയുമോ ;

(എഫ്) ഈ ശുപാർശകൾ സ്വീകരിക്കുവാൻ മത്സ്യകയറ്റുമതിക്കാരുടെ സംഘടന തയ്യാറായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടായി.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കയറ്റുമതിക്കാർ അടയ്ക്കേണ്ടതായ അംശാദായനിരക്ക് ഗണ്യമായി കുറയ്ക്കണമെന്നായിരുന്നു മുഖ്യമായ ആവശ്യം.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 154 (904)-ന്റെ ഉത്തരം കാണുക]

ഭവന നിർമ്മാണ ധനസഹായം ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്

	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം
1.	തിരുവനന്തപുരം	3,190
2.	കൊല്ലം	1,817
3.	ആലപ്പുഴ	3,453
4.	കോട്ടയം	49
5.	പത്തനംതിട്ട	19
6.	എറണാകുളം	1,204
7.	തൃശ്ശൂർ	1,186
8.	പാലക്കാട്	91
9.	മലപ്പുറം	1,961
10.	കോഴിക്കോട്	1,671
11.	കണ്ണൂർ	775
12.	കാസർഗോഡ്	619
	ആകെ	16,035

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് ഉദ്യോഗസ്ഥർ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ ജില്ല തിരിച്ചുള്ള കണക്ക്

	ജില്ല	തുക (ലക്ഷത്തിൽ)
1.	തിരുവനന്തപുരം	157.09
2.	കൊല്ലം	104.29
3.	ആലപ്പുഴ	150.25
4.	കോട്ടയം	9.55
5.	എറണാകുളം	131.96
6.	തൃശ്ശൂർ	79.53
7.	മലപ്പുറം	98.45
8.	കോഴിക്കോട്	127.00
9.	കണ്ണൂർ	21.50
10.	കാസർഗോഡ്	45.07
11.	പാലക്കാട്	2.73
	ആകെ	**927.42**

LIBRARY ARCHIVES Kerala Legislative Assembly